കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എൻ) വകുപ്പ്

നമ്പർ. 40922/എൻ2/11/ഉവിവ.

തിരുവനന്തപുരം

തീയതി: 28.06.2013

പ്രേഷിതൻ

ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം

മാഡം,

വിഷയം:- ഉന്നത വിദ്യാഭ്യാസം - സാങ്കേതികം - ഡെമോൺസ്ട്രേറ്റർ സമാന തസ്തികകളുടെ ശമ്പള നിരക്കും ഗ്രേഡ് വ്യവസ്ഥയും പുനർനിർണയം ചെയ്യുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്.

സൂചന:- 1. 8/11/2011-ലെയും 5/1/2012 ലെയും താങ്കളുടെ ഇ സി.4/125504/11 നമ്പർ കത്തുകൾ

2. G.O.(P)No.503/2012/H.Edn dated 12/10/2012

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II/ഡെമോൺസ്ട്രേറ്റർ/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയുടെ നിയമന രീതിയിൽ by transfer/direct recruitment എന്ന് ഭേദഗതി വന്നിട്ടുള്ള സാഹചര്യത്തിൽ ശമ്പള പരിഷ്കരണം 2009 അനുബന്ധം III ഖണ്ഡിക 15 പ്രകാരം ടി തസ്തിക എൻട്രി കേഡർ ആയി കണക്കാക്കി സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാവുന്നതാണ്. ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ഡിപ്ലോമ ഹോൾഡേഴ്സിന് മാത്രമാണ് ഡെമോൺസ്ട്രേറ്റർ/സമാന തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത്. ആയതിനാൽ ഇത് ഒരു റഗുലർ പ്രൊമോഷൻ ആയി കണക്കാക്കുവാൻ സാധിക്കില്ല. ഇപ്രകാരം പരീക്ഷ യോഗ്യതയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ ഗ്രേഡ് II/ഡെമോൺസ്ട്രേറ്റർ/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II എന്നീ തസ്തികകളിലേയ്ക്ക് By transfer മുഖേന നിയമനം നേടുന്നവർക്ക് അതാത് സ്പെഷ്യൽ റൂൾ പ്രകാരം അത് തസ്തികമാറ്റം വഴിയുള്ള നിയമനം ആയി കണക്കാക്കി പ്രവേശന തസ്തിക എന്ന നിലയിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ (8, 15) അനുവദിക്കാവുന്നതാണെന്ന് അറിയിക്കുന്നു. 13/12/1965 ലെ സ.ഉ(എം.എസ്)നം.661/65/വിദ്യാ ഉത്തരവ് പ്രകാരം ബൈ പ്രമോഷൻ മുഖേന ഡെമോൺസ്ട്രേറ്റർ /സമാന തസ്തികകളിലേക്ക് നിയമനം നേടിയിട്ടുള്ളവരുടെയും നിയമനം, പുതുക്കിയ സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന സാഹചര്യത്തിൽ, ബൈ ട്രാൻസ്ഫർ ആയി കണക്കാക്കി അവർക്കും മേൽപ്പറഞ്ഞ രീതിയിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്.

11.4.2013 ലെ സ.ഉ.(പി) നം.168/2013/(147)/ധന പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.എ മാരുടെ ശമ്പള സ്കെയിൽ 14620-25280 എന്നതിൽ നിന്നും 15380-25900 എന്നാക്കി ഉയർത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ് II/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II എന്നീ തസ്തികകളുടെ ശമ്പള സ്കെയിൽ 14620-25280 എന്നതാണ്. താരതമ്യം ചെയ്ത തസ്തികയായ എച്ച്. എസ്.എ യുടെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പ്രസ്തുത തസ്തികകളുടെയും എൻട്രി ശമ്പള സ്കെയിലുകൾ ഒരു പോലെയല്ല. ഇവരുടെ ജോലി സ്വഭാവവും, യോഗ്യതയും, ഉത്തരവാദിത്തവും ചുമതലകളുമെല്ലാം എച്ച്.എസ്.എ മാരുടേതിൽ നിന്നും വിഭിന്നമാണ്. ആയതിനാൽ ഈ തസ്തികകൾ തമ്മിൽ ഒരു താരതമ്യം സാധ്യമല്ല. ശമ്പള പരിഷ്കരണ ഉത്തരവ് അനുബന്ധം III ഉപഖണ്ഡിക (3) പ്രകാരം 14620-25280 എൻട്രി സ്കെയിലായി വരുന്ന സംസ്ഥാന സർവ്വീസിലെ എല്ലാ തസ്തികകൾക്കും യഥാക്രമം 16180-29180 (8 വർഷം), 18740-33680 (15 വർഷം) എന്നീ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലുകൾക്കാണ് അർഹതയുള്ളത്. ഇത് പൊതു തത്വമാണ്. മേൽസാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ സമാന തസ്തികകൾക്ക് എച്ച്. എസ്. എ. മാരുടെ ഗ്രേഡ് വ്യവസ്ഥ ബാധകമാക്കുക എന്ന വിഷയം പരിഗണിക്കാൻ നിർവാഹമില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ചന്ദ്രിക ബി

ഡെപ്യൂട്ടി സെക്രട്ടറി

ഗവ.അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്

General Secretary,

Diploma Engineering Teachers Organisation (DETO)

State Committee, Thrissur